DESPATCHED
On. 22/06/2020
20/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1472*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **11024**/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഇസ്മായിൽ ബി.എ.
സി.കെ.ഹൗസ്,
എയ്യള ബെണ്ടിച്ചാൽ,
തെക്കിൽ പി.ഒ., കാസറഗോഡ് – 671 541.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഡി.സെക്ഷൻ, താലൂക്ക് ഓഫീസ്,
കാസറഗോഡ്.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
കാസറഗോഡ്.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.05.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.06.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 28.06.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഇസ്മായിൽ ബി.എ., 25.06.2019ന് സമർപ്പിച്ച അപ്പീൽ

ഹർജി 28.06.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1472(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ വിവരങ്ങൾ നൽകിയില്ലെന്നും ടിയാന് അയച്ച മറുപടിയിൽ ശരിയായ വിലാസം എഴുതാത്തതിനാൽ 27.05.2019ന് നൽകിയ മറുപടി 25.06.2019നാണ് ടിയാന് ലഭ്യമായതെന്നും 02.02.2019ൽ ടിയാൻ സമർപ്പിച്ച അപേക്ഷ യുടെ പകർപ്പ് ടിയാന് അനുവദിച്ചു നൽകണമെന്നും ശരിയായ വിവരങ്ങൾ നൽകാത്തതിനും കാലതാമസം വരുത്തിയതിനും ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാ ണ്.

3. അപ്പീൽ ഹർജിക്കാരൻ 02.02.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേ ക്ഷയ്ക്ക് 27.02.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 27.05.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 12.07.2018ന് മറുപടി നൽകിയതായും കാണുന്നു.

4. 02.12.2019ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 27.02.2019ൽ മറുപടി നൽകിയിട്ടു ണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ ജെ സെക്ഷനിലാണ് കൈകാര്യം ചെയ്തുവരുന്നതെന്നും ആയത് പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പു കൾ ലഭ്യമാക്കുന്നതിനാണ് മറുപടി നൽകിയതെന്നുമാണ്. തുടർന്ന് ടിയാൻ 11.03.2019ൽ ഓഫീ സിൽ ഹാജരായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് 21 പേജുകൾ ആവശ്യപ്പെടുകയും 42/- രൂപ ഒടുക്കി പകർപ്പുകൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർക ക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർക ക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 20-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/